"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - വയനാട് മേപ്പാടിയിൽ ഉണ്ടായ ഉരുൾപൊട്ടലിന്റെയും പ്രകൃതിക്ഷോഭത്തിന്റെയും പശ്ചാത്തലത്തിൽ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ വേതന-സാധന ഘടകങ്ങളുടെ അനുപാതം പാലിക്കുന്നതിൽ നിന്നും മേപ്പാടി ഗ്രാമ പഞ്ചായത്തിനെ 2024-25 വർഷത്തേക്ക് ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1527/2024/LSGD തീയതി,തിരുവനന്തപുരം, 14-08-2024

---

പരാമർശം:-
1. സ.ഉ.(സാധാ)നം.3399/2007/തസ്വഭവ തീയതി 11-12-2007
2. സർക്കുലർ നം.ഡി.ഡി2/218/2023/തസ്വഭവ തീയതി 20.09.2023
3. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 01.08.2024 തീയതിയിലെ NREGA/1135/2024-C3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) ഉത്തരവ്, പരാമർശം (2) സർക്കുലർ എന്നിവ പ്രകാരം സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ വേതന-സാധന ഘടകങ്ങളുടെ അനുപാതം ഗ്രാമപഞ്ചായത്ത് തലത്തിൽ 60:40 ആയി നില നിർത്തണം എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. വയനാട് മേപ്പാടി ഗ്രാമപഞ്ചായത്തിൽ ഉണ്ടായ പ്രകൃതിക്ഷോഭത്തിന്റെയും ഉരുൾപൊട്ടലിന്റെയും പശ്ചാത്തലത്തിൽ ടി പഞ്ചായത്തിൽ കൂടുതൽ ആസ്തി നിർമ്മാണ പ്രവർത്തനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പിലാക്കി ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ വികസനം ഉറപ്പുവരുത്തുന്നതിനായി മേൽപറഞ്ഞ അനുപാതം പാലിക്കുന്നതിൽ നിന്നും മേപ്പാടി ഗ്രാമപഞ്ചായത്തിനെ 2024-25 സാമ്പത്തിക വർഷത്തേക്ക് ഒഴിവാക്കണമെന്ന് പരാമർശം (3) കത്ത് പ്രകാരം മിഷൻ ഡയറക്ടർ അഭ്യർഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ വേതന-സാധന ഘടകങ്ങളുടെ അനുപാതം ഗ്രാമ പഞ്ചായത്ത് തലത്തിൽ 60:40 ആയിരിക്കണമെന്ന നിർദേശം പാലിക്കുന്നതിൽ നിന്നും വയനാട് മേപ്പാടി ഗ്രാമ പഞ്ചായത്തിനെ 2024-25 സാമ്പത്തിക വർഷത്തേക്ക് ഒഴിവാക്കി ഉത്തരവാകുന്നു. എന്നാൽ, വേതന-സാധന ഘടകങ്ങളുടെ അനുപാതം ജില്ലാ തലത്തിൽ

പാലിക്കപ്പെടുന്നു എന്ന് വയനാട് ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ജില്ലാ കളക്ടർ & ജില്ലാ പ്രോഗ്രാം കോഓർഡിനേറ്റർ, വയനാട്
ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, കല്പറ്റ
സെക്രട്ടറി, മേപ്പാടി ഗ്രാമ പഞ്ചായത്ത്, വയനാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി.)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Nisam N
Date: 14-08-2024 16:17:37
സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്